18 ആടുകളും 11 പശുക്കളും മാത്രമാണ് വാക്സിനേഷൻ മൂലം മരണപ്പെട്ടിട്ടുള്ളത് എന്നാണ്. മറ്റു മരണങ്ങളെല്ലാം തന്നെ വ്യക്തമായ ചില രോഗങ്ങൾ മൂലവും രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കാതിരുന്ന ചില രോഗബാധകൾ പെട്ടെന്ന് ശക്തിപ്പെട്ടതു മൂലവുമാണ് ഉണ്ടായിട്ടുള്ളത്. വാർത്തകളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ചില കേസുകളുടെ യഥാർത്ഥ സ്ഥിതി വിശദമായ നിരീക്ഷണത്തിന് വിധേയമാക്കിയതിൽ ആരോപണങ്ങൾ എല്ലാം തന്നെ അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി ഉപയോഗിച്ച മരുന്നുമൂലം യാതൊരു തകരാറും ഉണ്ടായിട്ടില്ല. ആരോഗ്യം തീരെ മോശമായ മൃഗങ്ങളിൽ കുത്തിവയ്പ് നടത്തിയപ്പോൾ പ്രതീക്ഷിച്ച തിലും പ്രതികൂലമായ അനുഭവം ഉണ്ടായിട്ടുണ്ട്. അതുപോലെ ചില ആടുകളിൽ വലിയ സൂചി ഉപയോഗിച്ച് കുത്തിവയ്പ് നടത്തിയതും മരണത്തിന് കാരണമാവാം. ബൃഹത്തായ ഈ പ്രതിരോധ കുത്തിവയ്പ് പരിപാടി നടപ്പിലാക്കുമ്പോൾ സംഭവിക്കാൻ സാദ്ധ്യതയുള്ള പാർശ്വഫലങ്ങൾ മാത്രമേ യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ളൂ എന്നതാണ് വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ. ഒപ്പം ഈ പദ്ധതി തുടർന്നും നടപ്പിലാക്കണമെന്നതാണ് വിദഗ്ദ്ധാഭിപ്രായം.

ആടുവസന്ത രോഗ പ്രതിരോധ നടപടി

145 [2765] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആടുകൾക്ക് "ആടുവസന്ത" എന്ന രോഗം ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ ഭാഗത്താണ് ഈ രോഗം കൂടുതലായി കണ്ടുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഈ രോഗം തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഒറ്റശേഖരമംഗലം, വിതുര, എറണാകുളം ജില്ലയിൽ മട്ടാഞ്ചേരി, കൊല്ലം ജില്ലയിൽ പത്തനാപുരം എന്നീ സ്ഥലങ്ങളിൽ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആടുവസന്ത രോഗം സംശയിക്കുന്ന സാഹചര്യത്തിൽ ആദ്യമായി രക്ത പരിശോധനയിലൂടെ രോഗം സ്ഥിരീകരിക്കുന്നു. അതിനുശേഷം രോഗം വന്നവയെ മാറ്റി പാർപ്പിക്കൽ, ചികിത്സ, രോഗമുള്ളവയുടെ സാമീപ്യത്തിലുള്ള എല്ലാ ആടുകൾക്കും പ്രതിരോധ കുത്തിവയ്പ്, രോഗം തിരിച്ചറിയുന്നതിന് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ സെമിനാറുകൾ എന്നിവ നടത്തി രോഗനിയന്ത്രണം നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. മുൻകരുതൽ നടപടി എന്ന രീതിയിൽ ആടു വളർത്തൽ കേന്ദ്രങ്ങളിൽ പ്രതിരോധ കുത്തിവയ്പ് നൽകിക്കഴിഞ്ഞു.

കാലിത്തീറ്റയ്ക്ക് ഐ. എസ്. ഐ. മാർക്കും ലാബറട്ടറി പരിശോധനയും

148 [2766] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്തെത്തുന്ന കാലിത്തീറ്റകൾ പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഗുണനിലവാരം കുറഞ്ഞ കാലിത്തീറ്റകൾ പാൽ ഉത്പാദനത്തെയും, പ്രത്യുൽപാദനത്തെയും ബാധിക്കുന്നതായ വിദഗ്ദ്ധ അഭിപ്രായം സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ടോ;

(സി) ഐ. എസ്. ഐ. മാർക്ക് വേണമെന്ന നിബന്ധന ഇറക്കുമതിയിൽ പാലിക്കപ്പെടുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആവശ്യമായ പരിശോധന നടത്തുന്നതിന് ലാബറട്ടറി സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ക്ഷീരകർഷകരുടെ ഈ ആവശ്യം പരിഗണിക്കാമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ മിൽമ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും അയൽ സംസ്ഥാനത്ത് ഉല്പാദിപ്പിച്ച് കൊണ്ടുവരുന്ന കാലിത്തീറ്റ മിൽമയുടെ പരിശോധന ലാബറട്ടറിയിൽ കർശന ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയ ശേഷമാണ് കർഷകർക്ക് എത്തിച്ചുകൊടുക്കുന്നത്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly